പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 200 18.03.2013-ൽ മറുപടിയ്ക്ക്

## കരാട്ടെയ്ക്ക് സ്പോർട്സ് കൗൺസിൽ അംഗീകാരം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ബി.സത്യൻ | | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) കരാട്ടെയ്ക്ക് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകാത്തതിനുള്ള കാരണം വിശദമാക്കാമോ ; | (എ) | 2008-ലെ സ്പോർട്സ് ചട്ടങ്ങൾ പ്രകാരം ഒരു കളിയിനത്തിൽ ഒരു സംഘടനയ്ക്ക് മാത്രമേ അംഗീകാരം നൽകാൻ വ്യവസ്ഥയുള്ളൂ. എന്നാൽ കരാട്ടെ കളിയിനത്തിൽ അംഗീകാരത്തിനായി 3 അസോസിയേഷനുകൾ അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും ഇവയൊന്നും മാനദണ്ഡപ്രകാരമുള്ള രേഖകൾ പൂർണ്ണമായും സമർപ്പിക്കപ്പെടാത്തതിനാലാണ് അംഗീകാരം നൽകാത്തത്. |
| (ബി) ഇത് മൂലം കരാട്ടെയിൽ മികവ് തെളിയിച്ച കായിതാരങ്ങൾക്ക് ഒരു പരിഗണനയും ലഭിക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഇല്ല. |
| (സി) കരാട്ടെ പരിശീലനത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ; | (സി) | തിരുവനന്തപുരത്തെ അഭയ, ശ്രീചിത്ര എന്നീ കേന്ദ്രങ്ങളിലെ കുട്ടികൾക്ക് സ്വയം പര്യാപ്തത കൈവരുത്തുന്നതിനായി കരാട്ടെ പരിശീലനം നൽകുന്നതിനുവേണ്ടി സാമ്പത്തികസഹായം നൽകി വരുന്നുണ്ട്. ഇതു കൂടാതെ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ കരാട്ടെ പരിശീലനത്തിനായി ഒരു പരിശീലകനെ നിയമിച്ചിട്ടുണ്ട്. കരാട്ടെ പരിശീലനത്തിനായി ഒരു സമ്മർ കോച്ചിംഗ് ക്യാമ്പ് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ഡി) സ്കൂൾ തലത്തിൽ വിദ്യാർത്ഥികൾക്ക് കരാട്ടെ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കാമോ ? | (ഡി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ